കുമ്മണ്ണൂർ-കൊക്കാത്തോട് ഫോറസ്റ്റ് റോഡ്

10 (768) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കുമ്മണ്ണൂർ-കൊക്കാത്തോട് ഫോറസ്റ്റ് റോഡ് ഗതാഗത യോഗ്യമല്ലാതായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 5000-ൽ അധികം പേർ വസിക്കുന്ന കൊക്കാത്തോട് എത്തിച്ചേരാനുള്ള ഏകമാർഗമായ കുമ്മണ്ണൂർ-കൊക്കാത്തോട് റോഡ് ഗതാഗത യോഗ്യമാക്കാൻ ആവശ്യമായ തുക വകയിരുത്താനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ ഗതാഗത യോഗ്യമാണ്.

(ബി) അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വനംവകുപ്പിലെ റവന്യൂ കളക്ഷൻ

11 (770) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ 2000-2001 വർഷത്തിൽ റവന്യൂ ഇനത്തിൽ 31-1-2001 വരെ എന്തു തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) 2000-2001 വർഷത്തേക്ക് എന്തു തുകയാണ് റവന്യൂ ഇനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്നത് ;

(സി) 2001 മാർച്ചിന് മുമ്പ് ലക്ഷ്യമിട്ടിരുന്ന മുഴുവൻ തുകയും പിരിച്ചെടുക്കാൻ കഴിയുമോ ;

(ഡി) ഇതിനുവേണ്ടി വകുപ്പുതലത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ഇ) വനംവകുപ്പിൽ 31-1-2001 വരെ എന്ത് തുക റവന്യൂ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(എഫ്) റവന്യൂ കുടിശിക പിരിഞ്ഞു കിട്ടാനുള്ളതിന്റെ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ജി) റവന്യൂ കുടിശിക പിരിച്ചെടുക്കാൻ വകുപ്പ് തലത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(എച്ച്) റവന്യൂ കുടിശിക പിരിച്ചെടുക്കാൻ ഊർജ്ജിത നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 109.77 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ബി) 182.72 കോടി രൂപ

(സി) ഇല്ല.

(ഡി) 8-11-2000, 13-2-2001 തീയതികളിൽ വകുപ്പുതല ഉദ്യോഗസ്ഥന്മാരുടെ യോഗം ചേർന്ന്, യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഡിപ്പോകളിൽ വിറ്റഴിയാതെ കിടക്കുന്ന തടികളിൽ കഴിയുന്നത്ര പറ്റുമെങ്കിൽ മുഴുവൻ തടികളും വിറ്റഴിയ്ക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഇ&എഫ്) 31-3-2000 വരെ റവന്യൂ കുടിശിക ഇനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

1988-89 വരെ	11,52,90,954
1989-90	1,31,75,147
1990-91	2,40,40,015
1991-92	1,68,84,606
1992-93	2,69,36,983
1993-94	3,77,37,779
1994-95	5,54,35,845
1995-96	1,75,82,424
1996-97	2,72,98,053
1997-98	3,30,29,189
1998-99	19,22,51,743
1999-2000	14,24,19,009

(ജി) റവന്യൂ റിക്കവറി ഊർജ്ജിതപ്പെടുത്താനും, കോടതിയിൽ നിന്ന് സ്റ്റേ സമ്പാദിച്ചിട്ടുള്ള കേസ്സുകളിൽ സ്റ്റേ ഉത്തരവ് റദ്ദാക്കി കിട്ടുന്നതിന് നടപടി ത്വരിതപ്പെടുത്താനും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എച്ച്) നിർദ്ദേശം നൽകിയിട്ടുണ്ട്.

മിസലേനിയസ് അഡ്വാൻസ് പിരിച്ചെടുക്കൽ

12 (771) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ മിസലേനിയസ് അഡ്വാൻസ് ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) 31-1-2001 വരെ ഈ ഇനത്തിൽ എന്തു തുക പിരിഞ്ഞു കിട്ടാനുണ്ടെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly